ആശുപത്രികളിലും സ്പെഷ്യലിസ്റ്റുകളും ഇല്ല. സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി എല്ലാ താലൂക്ക് ആശുപത്രികളിലും ഈ നിരീക്ഷണങ്ങൾ തുടങ്ങുവാനാണ് പരിപാടി.

(സി) നിശ്ചയിച്ചിട്ടില്ല. എല്ലാ താലൂക്ക് ആശുപത്രികളിലും ഓപ്പറേഷൻ തിയേറ്റർ ഉണ്ട്. ചിലത് വേണ്ടത്ര സൗകര്യമില്ലാത്തതും പഴയതുമാണ്. അവിടെ പുതിയ വാർഡുകളും കെട്ടുമ്പോൾ അതിനോടനുബന്ധിച്ച് എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ ഓപ്പറേഷൻ തിയേറ്റർ നിർമ്മിക്കുക എന്നതാണ് പതിവ്.

(ഡി) സാമ്പത്തിക പരിമിതിക്കനുസൃതമായി ആവശ്യമെന്ന് കാണുന്നിടങ്ങളിലെല്ലാം പുതിയ തിയേറ്ററുകളും പണിയുന്നതാണ്.

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങൾ

*809 [877] ശ്രീ. എം. കെ. കൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഭൗതിക സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിയ ഉപദേശക സമിതിയുടെ ഉപസമിതി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശമാണ് അവർ മുന്നോട്ട് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് പറയുമോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഇത്തരം ഒരു പഠനറിപ്പോർട്ട് ആശുപത്രി ഉപദേശകസമിതിയുടെ 28-2-1979-ൽ നടന്ന ചർച്ചായോഗത്തിൽ വായിച്ചുകേൾപ്പിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി, സി) ഉപദേശക സമിതിയുടെ ചർച്ചകൾക്കുശേഷം അതിന്റെ നിർദ്ദേശങ്ങൾ ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഈ കാര്യങ്ങൾ വ്യക്തമാക്കാൻ നിർവ്വാഹമുള്ളൂ.

കേരളാ സ്റ്റേറ്റ് സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ

*810 [878] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് സഹകരണ മാർക്കറ്റിംഗ് ഫെഡറേഷന് 1977-78 വർഷത്തിൽ വന്ന നഷ്ടമെത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly